## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 605 06.02.2013 ലെ മറുപടിയ്ക്ക്**

## അമിത പലിശ നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. പി. വിൻസെന്റ്** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | അമിതപലിശ ഈടാക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്നത് നിരോധിക്കാനായി കേരള മണി ലെൻഡേഴ്സ് ആക്ട്, 1958 ഇപ്പോൾ നിലവിലുണ്ട്. ഇതനുസരിച്ച് കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കിൽനിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുന്നത് നിയമ വിരുദ്ധമാണ്. അത്തരക്കാർക്കെതിരെ ടി നിയമത്തിലെ 18 ഡി വകുപ്പ് പ്രകാരമുള്ള പിഴ നടപടി സ്വീകരിക്കാവുന്നതാണ്. അമിത പലിശ ഈടാക്കുന്നവർക്കെതിരെ തടവും പിഴയും ശിക്ഷ വിധിക്കാവുന്ന കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട്, 2012 -ഉം നിയമസഭ പാസാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇടപാട് നടത്തുന്ന സ്വകാര്യ വ്യക്തികൾക്കെതിരെ എത്ര കേസുകൾ നിലവിൽ ഉണ്ട്; വിശദമാക്കുമോ? | (ബി) | 332 കേസുകൾ നിലവിലുണ്ട്.<br>ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം സിറ്റി - 38, തിരുവനന്തപുരം റൂറൽ - 8, കൊല്ലം സിറ്റി - 47, കൊല്ലം റൂറൽ - 21, പത്തനംതിട്ട - 1, ആലപ്പുഴ - 1, കോട്ടയം - 18, എറണാകുളം സിറ്റി - 27, എറണാകുളം റൂറൽ - 23, തൃശ്ശൂർ റൂറൽ - 59, മലപ്പുറം - 47, കോഴിക്കോട് സിറ്റി - 7, കോഴിക്കോട് റൂറൽ - 7, വയനാട് - 9, കണ്ണൂർ - 3, കാസർഗോഡ് - 16. |

**സെക്ഷൻ ഓഫീസർ**